"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി. ആത്തിക കെ. ഫയൽ ചെയ്ത റിട്ട് ഹർജി നമ്പർ WP (C) No. 10483/2025 ൽ ബഹു. ഹൈക്കോടതിയുടെ 17/03/2025 തീയതിയിലെ വിധിന്യായം പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.10039/2025/GEDN തീയതി,തിരുവനന്തപുരം, 04-12-2025

---

പരാമർശം:-

1. ശ്രീമതി. ആത്തിക കെ., യു.പി.എസ്.ടി., നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂൾ സമർപ്പിച്ച 31/01/2025 തീയതി പുന:പരിശോധന ഹർജി.
2. WP (C) No. 10483/2025 റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതിയുടെ 17/03/2025 തീയതിയിലെ വിധിന്യായം.
3. ശ്രീമതി. ആത്തിക കെ., യു.പി.എസ്.ടി., നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂൾ, 07/07/2025 തീയതിയിലെ കത്ത്.
4. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03/10/2025 ലെ DEOMKD/1063/2025-B3 നമ്പർ കത്ത്.
5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 03/10/2025 DDEPKD/3335/2025-B5 നമ്പർ കത്ത്.

**ഉത്തരവ്**

നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി. ആത്തിക കെ. ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP (C) No. 10483/2025 റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായത്തിൽ ഹർജിക്കാരി സമർപ്പിച്ച പരാമർശം (1) റിവിഷൻ അപ്പീലിന്മേൽ വാദം കേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. അപ്രകാരം ബന്ധപ്പെട്ട കക്ഷികൾ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുമായി ഈ വിഷയത്തിൽ 04.10.2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കൂടിക്കാഴ്ച നടത്തുകയുണ്ടായി.

2. **ഹർജിക്കാരിയുടെ വാദം ഇപ്രകാരമാണ് :**

പാലക്കാട് ജില്ലയിലെ നെല്ലിപ്പുഴ ദാറുന്നജത്ത് ഹൈസ്കൂൾ മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്. 01.09.2016 മുതൽ ശ്രീമതി. ആത്തിക

കെ. എന്നവരെ യു.പി.എസ്.റ്റി ആയി സ്ഥാനക്കയറ്റ ഒഴിവിൽ നിയമിച്ചു. ടിയാളെ 01.06.2017 മുതൽ റെഗുലർ വേക്കൻസിയിൽ നിയമിച്ചു. ടി നിയമനം അംഗീകരിച്ചിട്ടുള്ളതാണ്. ടി തസ്തികയിലേക്ക് കെ.ഇ.ആർ. 14 എ അദ്ധ്യായം ചട്ടം 43, 51 (എ) & 51 (ബി) പ്രകാരം അവകാശികൾ ആരും തന്നെ ഉണ്ടായിരുന്നില്ല. ശ്രീമതി. ആത്തിക കെ. എന്നവരെ നിയമിച്ചിട്ടുള്ളത് അധിക തസ്തികയിലല്ല; മറിച്ച് റഗുലർ തസ്തികയിലാണ്. അങ്ങനെ തുടരവെ 16.07.2018 മുതൽ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) ഒഴിവിൽ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതാണ്. ടി നിയമനവും അംഗീകരിച്ചിട്ടുള്ളതാണ്.

അധിക തസ്തികകളിൽ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെട്ട സംരക്ഷിതാദ്ധ്യാപകരെ മാത്രമെ നിയമിക്കാവൂ എന്നിരിക്കെ ടി തസ്തികകളിൽ നിയമിക്കപ്പെട്ട എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കുള്ള നിയമനാംഗീകാരം നൽകുന്നതിനു വേണ്ടി പുറപ്പെടുവിച്ച സ.ഉ.(പി) നം.4/2021/പൊ.വി.വ തീയതി 06.02.2021 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിയമനാംഗീകാരം ലഭിച്ചിട്ടുള്ളത്. 01.09.2016 മുതൽ 30.08.2018 വരെ നോഷണലായും 06.02.2021 മുതൽ ശമ്പളത്തോടുകൂടിയുമാണ് നിയമനം അംഗീകരിച്ചിട്ടുള്ളത്.

സ.ഉ(പി) നം. 3/2014/പൊ.വി.വ, തീയതി 28.02.2019, സർക്കുലർ നം. ജെ2/57/2014/പൊ.വി.വ, തീയതി 08.03.20192 എന്നിവ അനുസരിച്ച് സ്ഥലമാറ്റം/മരണം/സ്ഥാനകയറ്റം എന്നിവ മൂലം എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവ് മാനേജർക്ക് നികത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

സമാന സാഹചര്യത്തിൽ 06.06.2019 മുതൽ റഗുലർ തസ്തികയിൽ നിയമിതയായ ടീച്ചറുടെ നിയമനം ശമ്പളവും മറ്റു ആനുകൂല്യങ്ങളോടുകൂടി അംഗീകരിച്ചു നൽകുവാൻ സ.ഉ.(സാധാ)നം. 1575/2024/പൊ.വി.വ. തീയതി 26.02.2024 ഉത്തരവിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. സമാന സാഹചര്യത്തിലുള്ള മറ്റൊരു കേസിലെ സർക്കാർ ഉത്തരവ് സ.ഉ(സാധാ)നം. 2489/2023/പൊ.വി.വ തീയതി 18.04.2024. കൂടാതെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഡി.ജി.ഇ/2703/2024-ഇസി5 തീയതി 17.02.2024 ഉത്തരവിൽ റഗുലർ തസ്തികയിൽ നിയമിച്ച അദ്ധ്യാപികയുടെ നിയമനം 06.06.2019 മുതൽ തന്നെ സാമ്പത്തിക ആനുകൂല്യത്തോടു കൂടെ അംഗീകരിച്ചു നൽകുവാനും കൂടാതെ 06.06.2019 മുതൽ എച്ച്.എസ്.റ്റി തസ്തികയിലെ നിയമനം റഗുലർ നിയമനം ആയതിനാൽ നോഷണൽ വ്യവസ്ഥ ഒഴിവാക്കി നിയമനാംഗീകാരം നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയിട്ടുള്ളതുമാണ്. ആയതിനാൽ 01.08.2018 മുതൽ റഗുലർ തസ്തികയിൽ നിയമിതയായ ശ്രീമതി. ആത്തിക കെ. എന്നവർക്ക് ശമ്പളത്തോടുകൂടി നിയമനാംഗീകാരം നൽകുവാൻ യാതൊരു തടസ്സവും ഇല്ലാത്തതാണ്.

മേൽ സാഹചര്യങ്ങളും സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് ശ്രീമതി. ആത്തിക കെ എന്നവരുടെ 01.09.2017 മുതൽ യു.പി.എസ്.റ്റി ആയി റെഗുലർ തസ്തികയിലുള്ള നിയമനം 01.09.2017 മുതൽ 15.07.2018 വരെയും 16.07.2018 മുതൽ 30.08.2018 വരെ നോഷണലായും എന്ന ഉത്തരവിലെ വ്യവസ്ഥ നീക്കി യാതൊരു നിബന്ധനകളും കൂടാതെ ശമ്പളത്തോടുകൂടി അനുവദിച്ചു നൽകുവാൻ ഒരു ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

**3. പൊതു വിദ്യാഭ്യാസ ഓഫീസർമാരുടെ സമാനമായ വാദങ്ങൾ ഇപ്രകാരമാണ് :**

പാലക്കാട് ജില്ലയിൽ പ്രവർത്തിച്ച വരുന്ന നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂൾ മണ്ണാർക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ വരുന്നു. സ്കൂളിലെ എച്ച്.എസ്.ടി സോഷ്യൽ സയൻസ് അധ്യാപകനായ ശ്രീമതി. അമ്ജിത കെ പി 01/09/2016 മുതൽ 30/08/2018 വരെ ശൂന്യവേതാനാവധി എടുത്ത ഒഴിവിൽ ഇതേ സ്കൂളിലെ യു പി എസ് ടി ആയ ശ്രീ. ഷമീർ മുഹമ്മദ് പി.എം. നെ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.ടി സോഷ്യൽ സയൻസ് ആയി നിയമിക്കുകയും, ആയതു മൂലം ഉണ്ടായ ഒഴിവിൽ ശ്രീമതി. ആത്തിക കെ. യെ 01/09/2016 മുതൽ 30/08/2018 വരെ മാനേജർ നിയമിക്കുകയും ടി നിയമനം ഒരു വർഷത്തിൽ കൂടുതലുള്ള ഒഴിവിലെ നിയമനം സംരക്ഷിതാധ്യാപകരെ നിയമിക്കണമെന്നതിനാൽ ജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയും തുടർന്ന് മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുൻപാകെ സമർപ്പിച്ച അപ്പീൽ സ.ഉ.(പി) നം.4/2021/പൊ.വി.വ തീയതി 06.02.2021 അടിസ്ഥാനത്തിൽ പുന പരിശോധിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫിസർക്ക് നിർദേശം നൽകി അപ്പീൽ തീർപ്പാക്കി.

നിയമനം പുന:പരിശോധിച്ച ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം അവധി ഒഴിവിലെ നിയമനമായതിനാൽ സ.ഉ.(പി) നം.4/2021/പൊ.വി.വ തീയതി 06.02.2021 പരിധിയിൽ വരുന്നില്ല എന്ന കാരണത്താൽ വീണ്ടും നിരസിച്ചു. തുടർന്ന് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ സർക്കാർ ഉത്തരവ് J2/87/2020/പൊ വി വ, തീയതി 25/02/2021 കത്തിലെ പാര 1 ലെ നിർദേശ പ്രകാരം അപേക്ഷ പുന:പരിശോധിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി അപ്പീൽ തീർപ്പാക്കി.

മേൽ ഉത്തരവിന്റെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ ജില്ല വിദ്യാഭ്യാസ ഓഫീസർ നിയമന അപേക്ഷ പരിശോധിച്ചു. പുതുതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽ വരുന്ന ഈ സ്കൂളിലെ ഒരു തസ്തിക സംരക്ഷിതാധ്യാപകരെ നിയമിക്കുകയോ, ഭാവിയിൽ സംരക്ഷിതാധ്യാപക നിയമനം നടത്താമെന്ന സത്യപ്രസ്താവന നൽകിയ മാനേജ്മെന്റിൽ ആദ്യം ഉണ്ടാവുന്ന ഒഴിവിൽതന്നെ സംരക്ഷിതാധ്യാപകനെ നിയമിക്കാമെന്ന വ്യവസ്ഥയിൽ അത്തരം സ്കൂളിലെ അഡീഷണൽ തസ്തിക, ദീഘകാല അവധി ഒഴിവുകൾ എന്നിവ ഉൾപെടെയുള്ള മുഴവൻ ഒഴിവുകളും മറ്റ് തരത്തിൽ യോഗ്യമെങ്കിൽ നിയമന തീയതി മുതൽ നോഷണലായും സ.ഉ. (പി) 4/21/പൊ.വി.വ ഉത്തരവ് തീയതിയായ 06.02.2021 മുതൽ സാമ്പത്തികാനുകൂല്യത്തോടും നൽകാവുന്നതാണെന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരമുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചിട്ടുള്ളതിനാലും നിലവിലെ സർക്കാർ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ശ്രീമതി. ആത്തിക കെ. യുടെ 01/09/2016 മുതൽ 30/08/2018 വരെയുള്ള യു.പി.എസ്.ടി. നിയമനം നോഷണലായി അംഗീകരിച്ച നൽകിയിട്ടുണ്ട്. ആയതിനാൽ ഹർജിക്കാരിയുടെ ആവശ്യമായ 01.09.2016 മുതൽ 30.08.2018 കാലഘട്ടത്തിലെ നിയമനം സാമ്പത്തികാനുകൂല്യത്തോടെ അനുവദിക്കണമെന്നത് പരിഗണനാർഹമല്ല.

**4.** സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂളിലെ എച്ച്.എസ്.ടി. സോഷ്യൽ സയൻസ് അധ്യാപികയായ ശ്രീമതി. അംജിത കെ. പി. യുടെ അവധി ഒഴിവിൽ യു.പി.എസ്.ടി. തസ്തികയിലുള്ള ശ്രീ. ഷമീർ മുഹമ്മദ് പി.എം. 01.09.2016 മുതൽ 30.08.2018 വരെ സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെടുകയും ടി ഒഴിവിൽ ശ്രീമതി. ആത്തിക കെ. യെ യു.പി.എസ്.ടി. ആയി

01.09.2016 മുതൽ 30.08.2018 വരെ മാനേജർ നിയമിക്കുകയും ചെയ്തു. നിയമനാർത്ഥിക്ക് നിലനിൽക്കുന്നതിന് ആവശ്യമായ തസ്തിക ലഭ്യമായതിനാൽ നിശ്ചിത യോഗ്യത നേടിയിട്ടുള്ള ശ്രീമതി. ആത്തിക കെ. യെ സ.ഉ. (പി) 4/2021/പൊ.വി.വ. തിയതി 6/2/2021 പ്രകാരം സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിന് മാനേജർ സത്യപ്രസ്താവന സമർപ്പിച്ചിട്ടുള്ളതിനാൽ ടിയാളുടെ 01.09.2016 മുതൽ 30.08.2018 വരെയുള്ള യു.പി.എസ്.ടി. നിയമനം 25200-54000 ശമ്പള സ്കെയിലിൽ നോഷണലായി അംഗീകരിച്ചിരുന്നു. അംഗീകരിച്ച നിയമനം ശമ്പളത്തോട് കൂടി അനുവദിച്ചു നൽകണമെന്നാണ് ഹർജിക്കാരിയുടെ ആവശ്യം.

സർക്കാർ ഉത്തരവ് ജെ2/87/2020/പൊ.വി.വ. തീയതി 25.02.2021 ഖണ്ഡിക 1 പ്രകാരം പുതുതായി ആരംഭിച്ച വിദ്യാലയങ്ങളുടെ ഗണത്തിൽ ഉൾപ്പെടുന്ന സ്കൂളുകളിലെ ഒരു തസ്തികയിൽ സംരക്ഷിതാധ്യാപക നിയമനം നടത്തുകയോ ഭാവിയിൽ സംരക്ഷിതാധ്യാപക നിയമനം നടത്തുമെന്ന് സത്യപ്രസ്താവന നൽകി മാനേജ്മെന്റുകളിൽ അത്തരത്തിൽ ആദ്യം ഉണ്ടാവുന്ന ഒഴിവിൽ തന്നെ സംരക്ഷിതാധ്യാപകനെ നിയമിക്കുകയോ വേണമെന്ന വ്യവസ്ഥയിൽ അത്തരം സ്കൂളുകളിലെ അഡീഷണൽ തസ്തിക, ദീർഘകാല അവധി എന്നിവ ഉൾപ്പെടെ മുഴുവൻ നിയമനങ്ങളും മറ്റു തരത്തിൽ യോഗ്യരെങ്കിൽ നിയമന തീയതി മുതൽ നോഷണൽ ആയി അംഗീകാരം നൽകാവുന്നതാണ് എന്നും സാമ്പത്തിക ആനുകൂല്യം സ.ഉ.(പി) നം. 4/2021/പൊ.വി.വ. ഉത്തരവ് തീയതിയായ 06.02.2021 മുതലായിരിക്കും എന്നും സ്പഷ്ടമാക്കിയിട്ടുണ്ട്.

**5.** മേൽ സാഹചര്യത്തിൽ, നെല്ലിപ്പുഴ ദാറുന്നജാത്ത് ഹൈസ്കൂളിൽ 01/09/2016 തീയതിയിൽ സ്ഥാനക്കയറ്റ ഒഴിവിൽ യു.പി.എസ്.ടി. ആയി നിയമിതയായ ശ്രീമതി. ആത്തിക കെ. യുടെ 01.09.2016 മുതൽ 30.08.2018 വരെ നോഷണലായി അംഗീകരിച്ചിട്ടുള്ള യു.പി.എസ്.ടി. നിയമനം സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിക്കൊണ്ട് ഉത്തരവാകണമെന്ന പരാമർശം (1) ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് അപ്രകാരം WP (C) No.10483/2025 ലെ ബഹു. ഹൈക്കോടതിയുടെ 17/03/2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട്.

മാനേജർ, ദാറുന്നജാത്ത് ഹൈസ്കൂൾ, നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് 678582.

ശ്രീമതി. ആത്തിക കെ., എച്ച്.എസ്.ടി., ദാറുന്നജാത്ത് ഹൈസ്കൂൾ,നെല്ലിപ്പുഴ, മണ്ണാർക്കാട്, പാലക്കാട് - 678 582.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Meera S S

Date: 04-12-2025 17:03:17

സെക്ഷൻ ഓഫീസർ